# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്ത് - 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 3.1, 3.2 എന്നീ ഖണ്ഡികകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1577/ 14/തസ്വഭവ.          തിരുവനന്തപുരം, തീയതി: 21/06/2014

പരാമർശം: 1) നെല്ലനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/07/2013, 09/09/2013 എന്നീ തീയതികളിലെ JS-6897/2011-ാം നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 13/09/2013-ലെ എം3-24233/13-ാം നമ്പർ കത്ത്.

3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24/02/2014-ലെ LF/PT1/18105/13-ാം നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ വരവുചെലവു കണക്കുകളുടെ ആഡിറ്റിൽ ഖണ്ഡിക 3.1 പ്രകാരം പഞ്ചായത്തിന്റേതല്ലാത്ത വാഹനത്തിൽ ഇന്ധനം നിറച്ച വകയിൽ ചെലവഴിച്ച 5404/- (അയ്യായിരത്തി നാനൂറ്റി നാല് രൂപ മാത്രം) രൂപയും ഖണ്ഡിക 3.2 പ്രകാരം തെരുവു വിളക്കും അനുബന്ധ സാമഗ്രികളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വാങ്ങി നൽകിയ വകയിൽ ചെലവു ചെയ്ത 2,790/- (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയും ഓഡിറ്റ് നിരാകരിച്ചിരുന്നു.

പഞ്ചായത്തിലെ ഒരു പൗരന്റെ പരാതി അന്വേഷിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് പരിസരം സന്ദർശിച്ച അവസരത്തിൽ വാഹനത്തിന്റെ ഇന്ധനം തീർന്നുപോയ സാഹചര്യത്തിൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം ഇന്ധനം നിറക്കേണ്ടതായി വന്നതാണെന്നും ടി ചെലവ് സാധൂകരിക്കണമെന്നും 27/05/2013-ലെ VI (1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന സൂചന 2 പ്രകാരം പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ തെരുവു വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് ഇല്ലാത്തതിനാൽ തെരുവു വിളക്കുകൾ പ്രകാശിപ്പിക്കാൻ കഴിയില്ലെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് രേഖാമൂലം അറിയിച്ചതിനാലും പൊതുജനങ്ങളുടെ അടിയന്തിരമായ ആവശ്യം പരിഗണിച്ചും ആണ് ഖണ്ഡിക 3.2 പ്രകാരമുള്ള ചെലവ് ചെയ്യേണ്ടി വന്നത് എന്നും ടി ഉപകരണങ്ങൾ പൂർണ്ണമായും ജനോപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തി എന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യമുള്ളതായും 27/05/2013-ലെ VI(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന സൂചന (2) പ്രകാരം ലഭ്യമാക്കിയ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് സൂചന (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഖണ്ഡിക 3(1)നുളള പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ചും ഖണ്ഡിക 3(2)ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിഗണിച്ചും സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം പഞ്ചായത്തിന്റേതല്ലാത്ത വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ 5404/- (അയ്യായിരത്തി നാനൂറ്റി നാല് രൂപ മാത്രം) രൂപ ചെലവ് ചെയ്ത പഞ്ചായത്ത് നടപടിക്കും ഖണ്ഡിക 3.2 പ്രകാരം തെരുവുവിളക്കുകളും അനുബന്ധ സാമഗ്രികളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വാങ്ങി നൽകിയ വകയിൽ 2,790/- (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ ചെലവ് ചെയ്ത പഞ്ചായത്ത് നടപടിക്കും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം,സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ